നം.ജി1/43011/2013

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
തീയതി : 02.06.2021

## സർക്കുലർ

വിഷയം: - ജലസേചനം - ജീവനക്കാര്യം – നിയമസഭാ ചോദ്യം – 15-ാം സമ്മേളനം സർക്കാരിലേക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിന് വേണ്ടി സർക്കുലർ പുറപ്പെട്ടുവിക്കുന്നത്.

സൂചന : - --------------

14.06.2021 വരെ 15-ാം നിയമസഭ സമ്മേളനം നടക്കുന്നതിനാൽ സമ്മേളന കാലയളവിൽ ലഭിക്കുന്ന ചോദ്യങ്ങൾ, ശ്രദ്ധ ക്ഷണിക്കൽ പ്രേമേയങ്ങൾ, സബ്മിഷനുകൾ എന്നിവയ്ക്ക് സത്വര മറുപടി തയ്യാറാക്കി നിശ്ചിത സമയത്തിനകം സർക്കാരിന് സമയബന്ധിതമായി സമർപ്പിക്കുന്നതിന് ഈ കാര്യാലയത്തിലെയും കീഴ് കാര്യാലയങ്ങളിലെയും ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ, /ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ടുമാർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലാർക്കുമാർ എന്നിവർ നിർബന്ധമായും ഓഫീസിൽ ഹാജരാകേണ്ടതാണ്.

വകുപ്പിനെ സംബന്ധിക്കുന്ന നിയമസഭാ ചോദ്യങ്ങൾ വെബ് സൈറ്റിൽ www.niyamasabha.org ലഭ്യമായലുടൻ ഡൌൺലോഡ് ചെയ്ത് എടുത്ത് അവയുടെ മറുപടി അവർ സഭയിൽ വരുന്നതിന് നിശ്ചയിച്ചിട്ടുള്ളതിന്റെ രണ്ട് പ്രവൃത്തി ദിവസങ്ങൾക്കുമുമ്പായി ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ അതാത് സെക്ഷനിൽ ലഭ്യമാക്കുന്നതിനു ഓഫീസർമാർ കർശമനായ ശ്രദ്ധ പുലർത്തേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

നിയമസഭാ ചോദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് ടൈപ്പിസ്റ്റുമാരെയും ഓഫീസ് അറ്റഡന്റുമാരെയും സമ്മേളനം നടക്കുന്ന ദിവസങ്ങളിൽ രാവിലെ 9.30. മുതൽ വൈകുന്നേരം 6.00 വരെ അതാത് സെക്ഷൻ സൂപ്രണ്ടുമാർ സജ്ജരാക്കി നിർത്തേണ്ടതാണ്.

നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ നോഡൽ ഓഫീസർ സെക്ഷൻ നൽകുന്ന മുറയ്ക്ക് ടൈപ്പിസ്റ്റുകൾ താമസംവിന ടൈപ്പ് ചെയ്ത് കൊടുക്കേണ്ടതാണ്. ഇതിനു യാതൊരുവിധ താമസവും വരുത്താൻ പാടുള്ളതല്ല. സെക്ഷനുകളിൽ നിന്നും ലഭ്യമാക്കേണ്ട വിവരങ്ങൾ അതാതു സെക്ഷൻ ക്ലർക്കമാർ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടുമാർ ഉറപ്പുവരുത്തേണ്ടതാണ്. നിയമസഭ സമ്മേളനം നടക്കുന്ന കാലയളവിൽ ജീവനക്കാർ കൃത്യസമയത്ത് ഓഫീസിൽ ഹാജരാകേണ്ടതാണ്. ഈ കാലയളവിൽ ചീഫ് എഞ്ചിനീയർ അറിയാതെ യാതൊരുവിധ അവധികളും അനുവദിക്കാൻ പാടില്ല.

ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ജലസേചന മന്ത്രിയും മറുപടി പറയുന്ന ദിവസങ്ങളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ നിയമസഭയ്ക്ക് നൽകുന്ന മറുപടികൾ അതാതു ദിവസം തന്നെ ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നല്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2/6/24

ചീഫ് എഞ്ചിനീയർ

എല്ലാ ബന്ധപ്പെട്ടവർക്കും.